മിസ്റ്റർ പറമ്പിലോനപ്പൻ:

(എ) ഉണ്ട്.

(ബി) ക ക ക നമ്പരായ കൊച്ചി മുനിസിപ്പൽ ആക്ടിലെ വ്യവ്യ-ാം വകുപ്പനുസരിച്ച്.

(സി) മേൽപറഞ്ഞ കൊച്ചി മുനിസിപ്പൽ ആക്ടിലെ രണ്ടാംപട്ടിക (Schedule II) നോക്കുക. എറണാകുളം, മട്ടാഞ്ചേരി, ഇരിങ്ങാലക്കുട എന്നീ മുനിസിപ്പാലിറ്റികളിൽ മേൽപ്പറഞ്ഞ പട്ടികയിലെ ഏറ്റവും കൂടിയ (maximum) നിരക്കുപ്രകാരവും, ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിൽ ഏറ്റവും കുറഞ്ഞ (minimum) നിരക്കുപ്രകാരവും ആണ് വസൂൽചെയ്യുന്നത്. തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിലെ നിരക്ക് ഇവക്ക രണ്ടിനും മദ്ധ്യേയുള്ളതാണ്. അവയുടെ വിവരം അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്ത് വെച്ചിരിക്കുന്നു.

(ഡി) പട്ടിക മേശപ്പുറത്ത് വെച്ചിരിക്കുന്നു.

RECENT TROUBLES IN THE MAHARAJA'S COLLEGE, ERNAKULAM—TENDERING OF APOLOGY BY PROFESSOR PAPPALI

230. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

എറണാകുളം മഹാരാജാസ് കോളേജിൽ അടുത്തുണ്ടായ കഴപ്പും സംബന്ധിച്ച് വിദ്യാർത്ഥികളോട് പ്രൊഫസർ പാപ്പാളി മാപ്പുചോദിക്കാമെന്ന് സമ്മതിച്ചതായി ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് ശരിയാണോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

ശരിയല്ല.

OFFICERS USING STATE CARS—INFORMATION REGARDING

231. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയംമറുപടി പറയുമോ.—

(എ) മന്ത്രിമാർ, നിയമസഭാ പ്രസിഡണ്ട് എന്നിവരൊഴിച്ച് കൊച്ചിഗവണ്മെണ്ടിന്റെ എത്ര ഉദ്യോഗസ്ഥന്മാർ ഇപ്പോൾ സ്റ്റേറ്റ കാറുകളും ഉപയോഗിക്കുന്നുണ്ട്;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ് ഇപ്പോൾ സ്റ്റേറ്റ കാർ അനുവദിക്കപ്പെട്ടിട്ടുള്ളത്;

(സി) ഇവർക്കുമാത്രം സ്റ്റേറ്റകാർ അനുവദിക്കാൻ കാരണമെന്ത്;

(ഡി) ആ ഉദ്യോഗങ്ങളിൽ വരുന്ന ആർക്കും സ്റ്റേറ്റകാർ ലഭിക്കുമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) നാലു ഉദ്യോഗസ്ഥന്മാർ.

(ബി) (ക) ഹൈഡ്രോ ഇലക്ട്രിക്ക് ചീഫ് എഞ്ചിനീയർ.
(ഖ) കൊച്ചിൻ സ്റ്റെയിറ്റ്ഫോഴ്സ് കമാണ്ടന്റ്.
(ഗ) സുപ്രധികാര്യക്കാർ.
(ഘ) ചീഫ് ജസ്റ്റീസ്.

(സി) ഹൈഡ്രോ എലക്ട്രിക്ക് ചീഫ് ഇഞ്ചിനീയർക്ക് അദ്ദേഹം ഒരു കാർ വാങ്ങിക്കുന്നതുവരെ സ്റ്റേറ്റ കാർ ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്. ഡ്രൈവരുടെ ചിലവും പെട്രോൾ ചിലവും അദ്ദേഹമാണ് വഹിക്കുന്നത്. കൊച്ചിൻ സ്റ്റേറ്റ്ഫോഴ്സ് കമാണ്ടന്റിന് അദ്ദേഹത്തിന്റെ നിയമന വ്യവസ്ഥയനുസരിച്ച് ഒരു സ്റ്റേറ്റ കാർ നൽകിയിട്ടുണ്ട്. ചീഫ് ജസ്റ്റീസിന് നീതിന്യായവകുപ്പിന്റെ തലവനെന്ന നിലയിലും സുപ്രധികാര്യക്കാർക്ക് അദ്ദേഹത്തിന്റെ ഔദ്യോഗികനിലയെ പരിഗണിച്ചും ഓരോ സ്റ്റേറ്റ കാറുകളും അനുവദിച്ചിട്ടുണ്ട്.

(ഡി) സി. യുടെ ഉത്തരംകൊണ്ട് ഇതിന്ന് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എ ഈച്ചരമേനോൻ: ഹൈഡ്രോ എലക്ട്രിക്ക് ചീഫ് എഞ്ചിനീയർ സ്റ്റേറ്റിൽ വന്നിട്ട് എത്ര കാലമായി?

റാവുബഹദൂർ ടി. കെ. നായർ: ഒന്നിൽ ചിലപാനം കൊല്ലമായി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ: അദ്ദേഹത്തിന്നു വന്നതുമുതൽ സ്റ്റേറ്റു കാർ കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വ്.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റേറ്റുകാർ കൊടുത്തിട്ടുള്ള ആളുകളിൽ ആരെങ്കിലും പുതിയ കാർ വാങ്ങുവാനുള്ള പെർമിറ്റ് അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ചീഫ് ജസ്റ്റീസിനു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം ആ കാർ എന്തു ചെയ്യും?

റാവുബഹദൂർ ടി. കെ. നായർ: ആ കാർ തന്നെയാണ് അദ്ദേഹം ഉപയോഗിക്കുന്നതു്. അതു ഗവൺമെണ്ടിനുതന്നെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇതിൽ പറയുന്ന വ്യക്തികളും മന്ത്രിമാരും നിയമസഭാപ്രസിഡണ്ടും കോവിലകത്തുള്ള അംഗങ്ങളും കൂടാതെ സ്റ്റേറ്റുകാർ ആരെങ്കിലും ഉപയോഗിക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അവക്കു കൊടുത്തിട്ടുള്ള കാർ ഉപയോഗിക്കുന്നുണ്ടൊ എന്നാണെങ്കിൽ, പലരും ഉപയോഗിക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഞാൻ മുമ്പു പറഞ്ഞ വ്യക്തികളെ കൂടാതെ മറ്റാരെങ്കിലും സ്റ്റേറ്റുകാർ ഉപയോഗിക്കുന്നുണ്ടോ? മേൽ പറഞ്ഞവക്കു കൊടുത്ത കാറുകളല്ലാതെ വേറെ കാറുകൾ വേറെയുള്ളവർ ഉപയോഗിക്കുന്നുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: എന്റെ അറിവിൽ ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സങ്കടംകൊണ്ടു ചോദിക്കുകയാണു്. സ്റ്റേറ്റുകാറും എക്സിക്യൂട്ടീവ് എൻജിനീയർമാരും വന്ന തമ്മിൽ മുട്ടി മുട്ടി റോഡിൽ നടക്കുവാൻ പാടില്ലാതായിതീർന്നിരിക്കുന്നു!

റാവുബഹദൂർ ടി. കെ. നായർ: എനിക്കറിവുള്ളതല്ലെ മറുപടി പറയുവാൻ തരമുള്ളൂ!

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരിപ്പാട്: മന്ത്രിമാർക്കും പ്രസിഡണ്ടിനും കൂടാതെ സ്റ്റേറ്റുകാർ ഉപയോഗിക്കുന്ന കാർ ഇപ്പോൾ ഇവിടെ ഉണ്ടോ? ഉണ്ടെങ്കിൽ അതു് ആരാണു് ഉപയോഗിക്കുന്നതു്, ഒന്നു നോക്കി പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: നോക്കീട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: മന്ത്രിമാരല്ലാത്ത ഏതെങ്കിലും അനുദ്യോഗസ്ഥന്മാർക്കു് ഗവൺമെണ്ടിൽനിന്നു കാർ കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: അതൊന്നു് അന്വേഷിച്ചു പറയുവാൻ ഭയപ്പെടുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷിക്കുവാൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: കൊച്ചിൻ സ്റ്റേറ്റുവക കാർ എത്രയുണ്ടു്?

റാവുബഹദൂർ ടി. കെ. നായർ: ആ ചോദ്യത്തിനു മറുപടി പറയുവാൻ തയ്യാറായി വന്നിട്ടില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will you please take this as a notice and answer to-morrow?.

Rao Bahadur T. K. Nayar (*Prime Minister*): I want a fresh notice.

മിസ്റ്റർ ജോസ് കെ. വട്ടിസ്: കാറുകൾ മുട്ടിയിട്ടു നടക്കുവാൻ പാടില്ല എന്നു പറഞ്ഞു. ഈ സ്ഥിതിക്കു ഡെപ്യൂട്ടി പ്രസിഡണ്ടിനു് ഒരു കാർ കൊടുക്കുവാൻ ഭയപ്പെടുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ നിയമനത്തിൽ കാർ കൊടുക്കണമെന്ന വ്യവസ്ഥയില്ലാത്തതിനാൽ ഈ സംഗതിയെക്കുറിച്ചു് ഗവൺമെണ്ടു് ഇതുവരെ ആലോചിച്ചിട്ടില്ല.

HOUSING SCHEME FOR DEPRESSED CLASS PEOPLE—PARTICULARS OF

232. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ?

(എ) അധഃകൃത വകുപ്പിൽനിന്നും അധഃകൃതർക്കു് ഒരു ഭവന നിർമ്മാണ പദ്ധതി ക്ഷ ക്ഷ ം, ക്ഷ ക്ഷ ക്ഷ, ക്ഷ ക്ഷ ഖ എന്നീ ഏതെങ്കിലും ഒരു കൊല്ലത്തിൽ തയ്യാറാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly